# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1810

07/03/2017-ന് മറുപടിക്ക്

## പി.എസ്.സി.മാനദണ്ഡങ്ങൾ

**ചോദ്യം**

ശ്രീ.എം.ഉമ്മർ

**ഉത്തരം**

ശ്രീ.പിണറായി വിജയൻ
മുഖ്യമന്ത്രി

| | | | |
|---|---|---|---|
| (എ) | കേരള സർക്കാർ ഉടമസ്ഥതയിലുള്ള കമ്പനി, ബോർഡ്, കോർപ്പറേഷൻ എന്നിവയിലേക്കുള്ള നിയമനങ്ങൾ നടത്തുന്നതിന് പി.എസ്.സി. പാലിച്ചു പോരുന്ന മാനദണ്ഡങ്ങൾ വിശദമാക്കാമോ; | (എ) | കേരള സർക്കാർ ഉടമസ്ഥതയിൽ ഉള്ള പി.എസ്.സി യുടെ പരിധിയിൽ വരുന്ന കമ്പനി, ബോർഡ്, കോർപ്പറേഷനുകളിൽ നിന്നും ഒഴിവുകൾ അറിയിച്ചുകൊണ്ടുള്ള അർത്ഥനാപത്രങ്ങൾ പി.എസ്.സി.യ്ക്ക് ലഭിക്കുമ്പോൾ ആ കമ്പനിയുടെ സവിശേഷ ചട്ടങ്ങൾ (Special Rules) പരിശോധിച്ച് (നിയമന രീതി, വിദ്യാഭ്യാസ യോഗ്യത, വയസ്സ്, മറ്റാനുകൂല്യങ്ങൾ മുതലായവ) അതിന്റെ അടിസ്ഥാനത്തിൽ വിജ്ഞാപനം പുറപ്പെടുവിച്ച് നിലവിലുള്ള സംവരണതത്വങ്ങൾ പാലിച്ചാണ് നിയമന ശിപാർശ ചെയ്യുന്നത്. |
| (ബി) | പ്രസ്തുത സ്ഥാപനങ്ങളിലേക്കുള്ള നിയമനങ്ങൾ സംബന്ധിച്ച് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് അവയുടെ മുൻകൂർ അനുമതി പി.എസ്.സി. തേടേണ്ടതുണ്ടോ ; | (ബി) | ഇല്ല. ഒഴിവ് അറിയിച്ചുകൊണ്ടുള്ള അർത്ഥനാപത്രങ്ങൾ ലഭ്യമാകുന്നമുറയ്ക്ക് ആണ് പി.എസ്.സി. വിജ്ഞാപനം പുറപ്പെടുവിക്കുന്നത്. |
| (സി) | നിലവിലുള്ള ലിസ്റ്റിന്റെ കാലാവധി പൂർത്തിയായിക്കഴിഞ്ഞാൽ വീണ്ടും വിജ്ഞാപനം സ്വമേധയാ നടത്താൻ പി.എസ്.സിക്ക് അധികാരം നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ ? | (സി) | നിലവിലുള്ള ലിസ്റ്റിന്റെ കാലാവധി പൂർത്തിയായിക്കഴിഞ്ഞ് ടി തസ്തികയിൽ ഒഴിവ് നിലവിലുണ്ടെങ്കിൽ പി.എസ്.സി-യ്ക്ക് സ്വമേധയാ വിജ്ഞാപനം പുറപ്പെടുവിക്കാവുന്നതാണ്. ഒഴിവുകൾ നിയമനാധികാരി അറിയിക്കുന്ന മുറയ്ക്കാണ് പി.എസ്.സി. വിജ്ഞാപനം പുറപ്പെടുവിക്കുന്നത്. |

സെക്ഷൻ ഓഫീസർ